# വചന വിചിന്തനം : മാർച്ച് 8 ഞായർ, 2009

**മത്താ. 20 : 17–**

ഇന്ന് വചനം വായിച്ചു തുടങ്ങുന്നത് ഇപ്രകാരമാണ്;

''യേശു തന്റെ പന്ത്രണ്ടുപേരെ മാത്രം കൂട്ടിക്കൊണ്ട് ജറുസലെമിലേക്ക് യാത്രചെയ്യുമ്പോൾ.....''

സെബദീപുത്രൻമാരുടെ അഭ്യർത്ഥനക്ക് മത്തായി സുവിശേഷകന്റെ മുഖവുരയാണ് ഈ വചനം.

ഈ വചന വിചിന്തനത്തിന്റെ കാതൽ ''യേശുവിന്റെ 12 പേരും, ജറുസലെമുമാണ്'' യേശുവിന്റെ ഹൃദയത്തിൽ എപ്പോഴും ഇടമുണ്ടായിരുന്ന രണ്ടു വിചാരങ്ങളാണ് തന്റെ സ്വന്തമായ 12 പേരും, പീഢാനുഭവത്തിന്റെ വേദിയായ ജറുസലെമും.

ഒരു രാത്രി മുഴുവൻ പിതാവിന്റെ കൂടെയിരുന്ന് പ്രഭാതത്തിൽ, പിതാവു നല്കിയ ഉൾവെളിച്ചത്തിൽ ഇനി തന്റെ ജീവിതത്തിന്റെ ഭാഗമാകാൻ ആഗ്രഹിച്ച് യേശു തിരഞ്ഞെടുത്ത ശ്ലീഹൻമാർ. തന്റെ നിസ്വനങ്ങളിൽ പോലും അവർ കുട്ടുണ്ടാകുമെന്നുകരുതി, കുടെകൊണ്ടു നടന്ന് തന്റെ ഹൃദയം മാത്രമല്ല മാംസരക്തങ്ങൾ കൂടി പങ്കിട്ടുകൊടുത്തവർ. ഈ 12 പേരെയും കൊണ്ടാണ് അവൻ ജറുസലേമിലേക്ക് യാത്രചെയ്യുന്നത്.

ജറുസലെം യേശുവിന്റെ ഓർമ്മകളിലെ നൊമ്പരപ്പൂവാണ്. പ്രവാചകൻമാരെ വധിക്കുന്ന പാരമ്പര്യമുണ്ടെന്നറിഞ്ഞിട്ടും, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകിൻ കീഴെ ഒതുക്കി നിർത്തുന്നതുപോലെ അതിനെ (ജറുസലെമിനെ) തന്റെ നെഞ്ചോടു ചേർത്തു പിടിക്കുന്നുണ്ട് ഈശോ.

ജറുസലെമിന്റെ നശത്തെ ഓർത്തു നെടുവീർപ്പെടുന്നുണ്ട് അവൻ. പക്ഷെ ഈ സ്നേഹത്തെ തിരസ്ക്കരിച്ച് ഒരു നിക്ഷേധിയുടെ മുഖാവരണം പേറിയവൾ, ജറുസലെം– ഒടുവിൽ അവൻ വേദനകൾക്കും, ചിതറിക്കപ്പെട്ടൊരു കുരിശുമരണത്തിനും അരങ്ങൊരുങ്ങി കാത്തിരുന്നു.

ഈ പശ്ചാത്തലത്തിലാണ് മത്തായി സുവിശേഷകന്റെ മുഖമൊഴി;

യേശു തന്റെ സ്വന്തമെന്നുകരുതിയ, തന്റെ നൊമ്പരങ്ങളിൽ പങ്കു പറ്റുമെന്നു കരുതിയ തന്റെ 12 പേരോട് ജറുസലെം, അവനായി കരുതി വച്ചിരിക്കുന്ന കഠിനയാനതകളെകുറിച്ച് സംസാരിക്കുന്നത്.

പക്ഷേ ഈ യാതനാപർവ്വതങ്ങളിൽ നെഞ്ചുരുകുന്നവനോട് മനസ്സു ചേർക്കാതെ ചിലർ അവനെ അനുഗമിക്കുന്നുണ്ട്. അവരുടെ ചിന്തകളിൽ സഹനങ്ങളുടെ യാത്രയില്ല, മരണത്തിന്റെ മലമുകളില്ല, നിന്ദനങ്ങളുടെ ആഘോഷങ്ങളില്ല.... ഗുരുവിന്റെ മഹത്വം മാത്രം. ആ മഹത്വത്തിന്റെ സമയത്ത് ഇടതും വലതും രണ്ടു വിശിഷ്ട സ്ഥാനങ്ങളും.

ഈശോ തന്റെ 12 പേർക്കുപോലും സംഭവിക്കുന്ന ഈ ഇടർച്ചയെപറ്റിയാണ് നൊമ്പരപ്പെടുന്നത്. ഗുരുവിന്റെ പൊള്ളുന്ന ജീവിതാനുഭവങ്ങളിൽ പങ്കുകാരാകാതെ അവന്റെ മഹത്വത്തെ മാത്രം ആഗ്രഹിക്കുന്നവർ. ഈശോ അവരെ ഓർമ്മിപ്പിക്കുന്നത് ഞാൻ കുടിക്കുന്ന പാനപാത്രം കുടിക്കാതെ എങ്ങനെയാ എന്റെ മഹത്വത്തിൽ നിങ്ങൾ പങ്കുകാരാകുന്നത്?

പ്രത്തോറിയത്തിലെ കൽത്തളത്തിൽ മരണത്തിന് വിധിക്കപ്പെട്ട യേശു. ശിരസ്സിലെ മുൾമുടിയും ശരീരത്തിലെ തിരുമുറിവുകളും... ഈ ക്രിസ്തുവിനെ ചൂണ്ടി നീയും അവന്റെ ശിഷ്യനല്ലേ എന്നു ചോദിക്കുന്ന സ്ത്രീയോട്, അവനെ ഞാനറിയുകയില്ല എന്ന് പറഞ്ഞ് അവന്റെ മുൾമുടിയും മുറിപ്പാടുകളും ഒഴിവാക്കി തീ കായാനോടുന്ന തന്റെ 12 പേരിലെ അരുമയായ പത്രോസുണ്ട് അവന്റെ കാഴ്ചവട്ടത്തിൽ...

വെള്ളി നാണയങ്ങൾക്കു പണയംവെച്ച വിശ്വസ്തതകൊണ്ട്, ചങ്കുപറിച്ചു തന്നവന്റെ സ്നേഹത്തെ (ഇത് എന്റെ മാംസ രക്തങ്ങളാണെന്ന് പറയുമ്പോൾ അതുകൂടി വാങ്ങി സ്വീകരിച്ചിട്ടാണ് അവന്റെ ജീവന്റെ വില നാണയത്തുട്ടുകളിൽ വാങ്ങുന്നത്) വില്പനചരക്കാക്കുന്ന ശിഷ്യനുമുണ്ട് അവന്റെ ദർശനങ്ങളിൽ.

ഒടുവിൽ ഇങ്ങനെ രണ്ടു സഹോദരൻമാരും; സെബദിയുടെ മക്കൾ; സഹനത്തിന്റെ വഴികളിലെ പാനപാത്രം കുടിക്കേണ്ടത് മഹത്വത്തിന്റെ സിംഹാസനത്തിലിരിക്കാൻ അനിവാര്യമെങ്കിൽ, ഇതിനുവേണ്ടി മാത്രം അതു കുടിച്ചേക്കാം.. എന്ന് ആവർത്തിക്കുന്നവർ.

ഉൾവെട്ടം കൊണ്ട് നടന്ന വഴികളിലെ ഇരുട്ടുമാറ്റിയ ക്രിസ്തു, പിന്നെ എല്ലാ കാലത്തേക്കുമായി എല്ലാവർക്കുമായി ഇങ്ങനെയൊരു അപ്രിയസത്യം കൂടി പറഞ്ഞുതന്നു;

നെഞ്ചോടടുക്കി സ്വന്തമെന്നു കരുതി സ്നേഹിച്ചവരൊക്കെ, ഉള്ളുരുകുമ്പോൾ കൂടെ കാണുമെന്നു കരുതിയവരൊക്കെ.. നിന്റെ ജീവിതത്തിന്റെ പീഢാനുഭവങ്ങളിൽ, നിന്ദനങ്ങളിൽ, മരണതുല്യമായ വേദനകളിൽ, നിന്റെ ഭാരപ്പെടുന്ന ഹൃദയം പങ്കിടാൻ കാണുമെന്നു ഉറപ്പിക്കേണ്ട.

ഓരോ ഗത്സമെനും അതനുഭവിക്കുന്നവന്റെ മാത്രം സ്വകാര്യമായ നിയോഗമാണ്..... അവിടെ നീ മാത്രമേ കാണൂ. വേദനയേക്കാൾ ചിതറിക്കപ്പെടുന്നവന്റെ ഏകാന്തതയാണ് ഗത്സമെനിൽ നമ്മെ അസ്വസ്ഥരാക്കുന്നത്. കെദ്രോൻ കടവുവരെ അനുയാത്ര ചെയ്ത ശിഷ്യരാരും, യേശുവിനൊപ്പം ഗത്സമെൻ എന്ന തീവ്രദു:ഖത്തിന്റെ ഇടവേളയിലേക്ക് കടന്നുവന്നില്ല. പിന്നെ എപ്പോഴോ അവൻ നോക്കുമ്പോൾ അവർ തളർന്നുറങ്ങുന്നുണ്ട് താബോറിന്റെ മഹത്വത്തിൽ ഉണർവോടെ ആയിരിക്കാൻ വ്യഗ്രതപ്പെട്ടവർ ഇവിടെയില്ല... ഗത്സമെൻ ജറുസലെം.. ഒക്കെ നീ ഒറ്റക്കു കടന്നുപോകേണ്ട തീവ്രവേദനകളുടെ ഇടങ്ങളാണ്.

ക്രിസ്തുവിന് സ്വന്തമായവരൊക്കെ മനസ്സിനെ പഠിപ്പിക്കേണ്ടത് അവന്റെ കുരിശിന്റെ വഴികളിൽ അവനോടൊത്ത് മനസ്സും ഹൃദയവും മുറിവുകളും പങ്കുവച്ച് സഹയാത്രികനാകാനാണ്. അവന്റെ പാനപാത്രം കുടിക്കാതെ ആരും അവന്റെ സ്വന്തമാകില്ല.. അവന്റെ മഹത്വത്തിലും ഇടം കണ്ടെത്തില്ല.

**ഫാ. അലക്സ് വേലാച്ചേരി.**